മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സെന്റർ ഫോർ പ്രഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിന് (CPAS) കീഴിലുള്ള സ്റ്റാസ് കോളേജുകളിൽ 2018-19 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നത് സംബന്ധിച്ച് - ചാൻസലറുടെ അനുവാദം വാങ്ങുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

## അക്കാദമിക് എ 7 വിഭാഗം

ഉത്തരവ് നം.6894/4/2018/എസി എ7 തീയതി, പി.ഡി.ഹിൽസ്, 22.09.2018

---

പരാമർശം: (1) 03.09.2018 തീയതിയിലെ കേരള സർക്കാർ ഉത്തരവ് . സ.ഉ(കൈ)നം. 218/2018/ഉ.വി.വ.
(2) സിപാസ് ഡയറക്ടർ പുതിയ കോഴ്സുകൾക്കായി 06.09.2018 - ൽ സർവ്വകലാശാലയിൽ സമർപ്പിച്ച നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ.
(3) 1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 23 സ്റ്റാറ്റ്യൂട്ട് 1 (അമെന്റ്മെന്റ്)
(4) 2018 സെപ്തംബർ മാസം 12-ാം തീയതി കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - അഫിലിയേഷൻ - നടപടി ക്രമങ്ങളുടെ ചുരുക്കം - ഇനം നം.ഒ.എ1(6021/01/2018/എസിഎ7)

## ഉത്തരവ്

സെന്റർ ഫോർ പ്രഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ (സിപാസ്) കീഴിൽ പ്രവർത്തിയ്ക്കുന്ന സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസ് ഇടപ്പള്ളി, പുല്ലരികുന്ന്, പത്തനംതിട്ട എന്നീ റീജിയണൽ സെന്ററുകളിൽ ബി.ബി.എ. കോഴ്സും (60 സീറ്റുകൾ വീതം) പത്തനംതിട്ട സെന്ററിൽ എം.എസ്.സി സൈബർ ഫോറൻസിക് കോഴ്സും, (20 സീറ്റ്) മഹാത്മാഗാന്ധി സർവ്വകലാശാല യുടെ അഫിലിയേഷനോടു കൂടി 2018-19 അക്കാദമിക വർഷം ആരംഭിയ്ക്കുവാൻ മേൽ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം അഫിലിയേഷനു വേണ്ടി സിപാസ് ഡയറക്ടർ, നിശ്ചിത മാതൃകയിൽ പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നതിനായി മേൽ പരാമർശം (2) പ്രകാരം, അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്നു. എന്നാൽ ടി അപേക്ഷകൾ മേൽ പരാമർശം (3)-ൽ നിഷ്ക്കർഷിച്ചിരി യ്ക്കുന്ന സ്റ്റാറ്റ്യൂട്ടറി തീയതിയായ 31.08.2018-ന് ശേഷമാണ് സമർപ്പിച്ചിരിക്കുന്നത്.

ടി അപേക്ഷ പരിഗണിയ്ക്കുവാൻ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് സെക്ഷൻ 58(2) പ്രകാരം ബഹു. ചാൻസിലറുടെ അനുമതി ആവശ്യമാണ്.

ടി വിഷയം മേൽ പരാമർശം (4) പ്രകാരം കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ) പരിശോധിയ്ക്കുകയും "സിപാസ് പുതിയ കോഴ്സുകൾക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് അനുശാസിയ്ക്കുന്ന തീയതിക്ക് ശേഷമായതിനാൽ ആയത് പരിഗണിയ്ക്കുന്ന തിന് ബഹുമാനപ്പെട്ട ചാൻസിലറുടെ അനുവാദം വാങ്ങുന്നതിന് നടപടി സ്വീകരിയ്ക്കുന്നതിന് ശിപാർശ ചെയ്തു".

ടി ശിപാർശ 1985-ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട് സെക്ഷൻ 3.10(17) പ്രകാരം നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായിരിയ്ക്കുന്നു.

(മറുപുറം)

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്) I
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. ഗവർണറുടെ സെക്രട്ടറി, കേരളാ രാജ് ഭവൻ, തിരുവനന്തപുരം. (ആമുഖകത്ത് സഹിതം)
3. ഡയറക്ടർ, സിപാസ്, ഗാന്ധി നഗർ, ആർപ്പൂക്കര
4. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ/ എഫ്.ഒ/ സി.ഇ.എന്നിവരുടെ പി.എ.
6. ജെ.ആർ./ഡി.ആർ/എ.ആർ (അക്കാദമിക്)
7. ലീഗൽ സെക്ഷൻ, എ.സി.സി സെക്ഷൻ
8. കണ്ടന്റ് മാനേജ്മെന്റ് /ഐക്യുഎസി
9. റെക്കോർഡ്സ് സെക്ഷൻസ്
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. 6021/01/2018/എസിഎ7

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം